(ബി) അത് സംബന്ധിച്ച് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(സി) അവയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) പുതുക്കിയ റേഷൻകാർഡുകൾ എന്നേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-1-2015.

(ബി) 80,14,016.

(സി) ആദ്യ ഘട്ടത്തിൽ ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിച്ച് കുടുംബത്തിലെ മുതിർന്ന വനിതാ അംഗത്തിന്റെ ഫോട്ടോ എടുക്കുകയും അപേക്ഷ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് അപേക്ഷാ ഫോറങ്ങളിൽ കാർഡുടമകൾ നൽകിയ വിവരങ്ങൾ ഡേറ്റാ എൻട്രി ചെയ്തു. ഡേറ്റാ എൻട്രി നേരിട്ട് പരിശോധിക്കാനും തെറ്റുണ്ടെങ്കിൽ തിരുത്താനും ഓൺലൈനായും ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ വിതരണം ചെയ്തും കാർഡുടമകൾക്ക് അവസരം നൽകി. സമയബന്ധിതമായി തെറ്റ് തിരുത്തൽ ഡേറ്റാ എൻട്രിയും പൂർത്തീകരിച്ചു. എൻ.ഐ.സി. വികസിപ്പിച്ചിട്ടുള്ള റാങ്കിംഗ് സോഫ്റ്റ്വെയർ ഉപയോഗിച്ച് ഗുണഭോക്താക്കളെ റാങ്ക് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. കരട് മുൻഗണനാ/ മുൻഗണനേതര പട്ടിക ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

(ഡി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ 2016 ഏപ്രിൽ 1-ന് മുമ്പ് പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

രജിസ്ട്രേഷൻ വകുപ്പുവഴി നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

224(1293) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം രജിസ്ട്രേഷൻ വകുപ്പുവഴി ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റതിനുശേഷം രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ ഇടുക്കി നിയോജകമണ്ഡലത്തിലെ തോപ്രാംകുടിയിൽ പുതിയ ഒരു സബ് രജിസ്ട്രാർ ഓഫീസ് 1-6-2015-ൽ പ്രവർത്തനം ആരംഭിച്ചു. കൂടാതെ ഇടുക്കി നിയോജക മണ്ഡലത്തിലെ കട്ടപ്പന, അറക്കുളം എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്ന് പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്.

GPM. 2/239/2020-36

LIBRARY ARCHIVES Kerala Legislative Assembly